## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 237 — 05.10.2016-ൽ മറുപടിക്ക്

# സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. രാജൻ**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. പട്ടികവർഗ്ഗ വിഭാഗത്തിലെ ജനവിഭാഗങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ബി.പി.എൽ. / എ.പി.എൽ. ഭേദമെന്യേ 10,000/- രൂപ വരെയുള്ള ചികിത്സാ ചെലവ് നൽകിവരുന്നു. ബി.പി.എൽ. വിഭാഗങ്ങൾക്ക് 10,000/- രൂപയിൽ കൂടുതലുള്ള ചികിത്സാ ചെലവും നൽകി വരുന്നു. ആയത് സംബന്ധിച്ച സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ആശുപത്രികളിലൂടെ നൽകുന്ന മെഡിക്കൽ സഹായങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | ബി) | ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ജില്ലാ, താലൂക്ക് ആശുപത്രികൾ, പി.എച്ച്.സി., / സി.എച്ച്.സി. കൾ എന്നിവയ്ക്ക് പട്ടികവർഗ്ഗ വിഭാഗം പ്രാതിനിധ്യം കണക്കിലെടുത്ത് ബഡ്ജറ്റ് തുകയ്ക്ക് ആനുപാതികമായി ഫണ്ട് മുൻകൂറായി അനുവദിച്ച് വരുന്നു. കൂടാതെ വിദഗ്ധ ചികിത്സക്കായി സർക്കാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകൾ, റീജിയണൽ ക്യാൻസർ സെന്റർ, എസ്.സി.ടി., എസ്.എ.ടി., പരിയാരം മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നിവയ്ക്കും ബജറ്റ് വിഹിതത്തിന് ആനുപാതികമായി മുൻകൂറായി ഫണ്ട് അനുവദിച്ചു വരുന്നു. |
| സി) | പ്രകൃതിക്ഷോഭങ്ങളും വിവിധ രോഗങ്ങളും മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് എന്തൊക്കെ സഹായങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകുന്നതെന്ന് വിശദമാക്കുമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് റവന്യൂ അധികാരികളുടെ രേഖാമൂലമുള്ള സ്ഥിതിവിവര കണക്കിന്റെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ 28-10-13 ലെ സ.ഉ.(കൈ) 86/13/പജപവവിവ, 03-04-13 ലെ സ.ഉ.(കൈ) 32/13/പജപവവിവ (പകർപ്പുകൾ അനുബന്ധം 2, 3 ആയി ചേർക്കുന്നു) പ്രകാരവും ധനസഹായം അനുവദിച്ചു വരുന്നു. വിവിധ രോഗം മൂലം ദുരിതമനുഭവിക്കുന്ന ടി വിഭാഗക്കാർക്ക് വിദഗ്ധ ചികിത്സക്കായി ബി.പി.എൽ. / എ.പി.എൽ. ഭേദമെന്യേ 10,000/- രൂപ വരെ ചികിത്സാ ചെലവ് നൽകി വരുന്നു. എന്നാൽ ബി.പി.എൽ. വിഭാഗക്കാർക്ക് ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിൽ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതിയുടെ കീഴിൽ 2016-17 ൽ എത്ര ഗുണഭോക്താക്കളെ ഉൾക്കൊള്ളാനാണ് ലക്ഷ്യമിടുന്നത്; | ഡി) | 2016-17 ൽ ഈ പദ്ധതി പ്രകാരം അർഹരായ എല്ലാ പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**